# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-01-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സമൂഹത്തെയും, രാഷ്ട്രത്തെയും സേവിക്കുന്നതിനുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Droupadi Murmu said that education is a means to serve society and the nation.

2) വൈവിധ്യങ്ങളാണ് ഇന്ത്യൻ ജനാധിപത്യത്തിൻറെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെ 28-ാമത് സമ്മേളനം പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

   Prime Minister Narendra Modi has said that India has turned diversity into the strength of its democracy. PM Addressed the Conference of Speakers and Presiding Officers of the Commonwealth at Samvidhan Sadan in New Delhi today.

3) 78-ാ മത് കരസേനാ ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

   The President, the Prime Minister, and other dignitaries extended greetings on the occasion of the 78th Army Day.

4) കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പേരുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി.

The Supreme Court directed the Election Commission to publish the names of those removed from the draft voters' list in a manner accessible to the general public.

5) തൃശൂരിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കലാ മേളയിൽ ഇഞ്ചോടിഞ്ച് പോരാട്ടം തുടർന്ന് കോഴിക്കോടും കണ്ണൂരും.

A close contest continues between Kozhikode and Kannur at the State School Arts Festival being held in Thrissur.

6) രാജ്യവ്യാപക പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദേശം നൽകി വിദേശകാര്യമന്ത്രാലയം

In the backdrop of nationwide protests, the Ministry of External Affairs has advised Indian citizens to avoid travel to Iran.

****************

## PUNJAB PRESIDENT (INTRO)

സമൂഹത്തെയും, രാഷ്ട്രത്തെയും സേവിക്കുന്നതിനുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പഞ്ചാബിലെ അമൃത്സറിൽ, ഗുരു നാനാക് ദേവ് സർവകലാശാലയുടെ 21-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സമൂഹത്തിൻറെയും, രാജ്യത്തിൻറെയും നന്മയ്ക്കായി വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തണമെന്നും ശ്രീമതി മുർമു ആഹ്വാനം ചെയ്തു.

കഴിഞ്ഞ ദശകത്തിൽ, സാങ്കേതിക വികസനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ ഇന്ത്യ ശ്രദ്ധേയ പുരോഗതി കൈവരിച്ചതായും രാഷ്ട്രപതി വ്യക്തമാക്കി.

(ഹോൾഡ്)

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് പഞ്ചാബിലെത്തിയ രാഷ്ട്രപതി നാളെ ജലന്ധറിലെ ഡോ. ബി.ആർ അംബേദ്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 21-ാമത് ബിരുദദാന സമ്മേളനത്തിൽ പങ്കെടുക്കും.

****************

**REV DAY PM-CSPOC**

വൈവിധ്യങ്ങളാണ് ഇന്ത്യൻ ജനാധിപത്യത്തിൻറെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സേവനങ്ങൾ എല്ലാവരിലും എത്തിക്കുന്നതിനും, വിവേചനമില്ലാത്ത പൊതുക്ഷേമത്തിനുമാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു . ജനാധിപത്യ സ്ഥാപനങ്ങളുടെയും, ജനാധിപത്യ പ്രക്രിയകളുടെയും പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.
ജനങ്ങൾക്കാണ് ഇന്ത്യയിൽ ഏറ്റവും പ്രാധാന്യമെന്നും അവരുടെ ആഗ്രഹങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.
ലോക്സഭാ സ്പീക്കർ ഓം ബിർള സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. 42 കോമൺവെൽത്ത് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

****************

## PM - ARMY DAY (INTRO)

ഇന്ന് 78-ാ മത് കരസേനാ ദിനം. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ സേനാംഗങ്ങൾക്ക് ആശംസ നേർന്നു. രാജ്യത്തിന്റെ ഐക്യം, പരമാധികാരം, അഖണ്ഡത എന്നിവ സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സൈന്യം നിർണായക പങ്കു വഹിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു. രാജ്യത്തെ സൈനികർ നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകങ്ങളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസാ സന്ദേശത്തിൽ പറഞ്ഞു . വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ നിശ്ചയദാർഢ്യത്തോടെയാണ് സൈനികർ രാജ്യത്തെ സംരക്ഷിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(പിഎം വോയിസ്)

ഇന്ത്യൻ സേനയുടെ അചഞ്ചലമായ ധൈര്യത്തിനും, പരമോന്നതമായ ത്യാഗത്തിനും മുന്നിൽ ആദരം അർപ്പിക്കുന്നതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങ് പറഞ്ഞു. രാജസ്ഥാനിലെ ജയ്പൂരിൽ നടന്ന ദിനാഘോഷ പരേഡിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി സല്യൂട്ട് സ്വീകരിച്ചു. തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിലടക്കം വിപുലമായ പരിപാടികളാണ് ഇന്ന് നടന്നത്.

****************

## REPUBLIC DAY CHIEF GUEST

ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന 77-മത് റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ ലൂയിസ് സാൻറോസ് ഡ കോസ്റ്റയും, യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെയർ ലെയണും വിശിഷ്ടാതിഥികളായി പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 25 ന് ഇരുവരും ഇന്ത്യയിലെത്തുന്നത്. 27 ന് നടക്കുന്ന 16-മത് ഇന്ത്യ-യൂറോപ്യൻ

യൂണിയൻ ഉച്ചകോടിയ്ക്കും ഇരു നേതാക്കളും ചേർന്ന് അധ്യക്ഷത വഹിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ഇരുവരും കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യൂറോപ്യൻ യൂണിയൻ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

****************

## IRAN UPDATES

രാജ്യവ്യാപക പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദേശം നൽകി വിദേശകാര്യമന്ത്രാലയം. ഇറാനിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാരും ലഭ്യമായ മാർഗങ്ങളിലൂടെ രാജ്യം വിടണമെന്നും ടെഹ്റാനിലെ ഇന്ത്യൻ എംബസി നിർദ്ദേശിച്ചു. പ്രതിഷേധങ്ങൾ നടക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കരുതെന്നും മുന്നറിയിപ്പുണ്ട്. ഇന്ത്യക്കാർ പേര് വിവരങ്ങൾ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും മന്ത്രാലയം നിർദ്ദേശിച്ചു. അമേരിക്കൻ സൈനിക നീക്കങ്ങളെക്കുറിച്ചുള്ള ആശങ്കകൾക്കിടെ അടച്ച ഇറാൻ വ്യോമപാത ഇതിനിടെ വീണ്ടും തുറന്നു.

****************

## UNSC-IRAN MEETING

ആഭ്യന്തര സംഘർഷം രൂക്ഷമായി തുടരുന്ന ഇറാനിലെ സ്ഥിതിഗതികൾ വിലയിരുത്താൻ ഐക്യരാഷ്ട്ര രക്ഷാ സമിതി ഇന്ന് യോഗം ചേരും. ഇറാൻ വ്യോമാതിർത്തി അടച്ചിട്ടത്, വിമാന സർവ്വീസുകളെ ബാധിച്ച സാഹചര്യവും യോഗം ചർച്ച ചെയ്തേക്കും. അതിനിടെ യുഎസ് സൈനിക നടപടിയുണ്ടായാൽ, അയൽരാജ്യങ്ങളിലെ അമേരിക്കൻ

താവളങ്ങൾ ലക്ഷ്യം വയ്ക്കുമെന്ന ഇറാൻറെ മുന്നറിയിപ്പിനെ തുടർന്ന് അമേരിക്ക മുൻകരുതൽ ശക്തമാക്കി.

****************

## CHARCHA

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചയിൽ ആത്മനിർഭർ ഭാരതിനെക്കുറിച്ച് സാമ്പത്തിക വിദഗ്ധ പ്രൊ. മേരി ജോർജ്ജ് നാളെ രാത്രി 11 മണിക്ക് സംസാരിക്കുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

****************

## Kerala School Kalolsavam (INTRO)

തൃശൂരിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കലാ മേളയിൽ ഇഞ്ചോടിഞ്ച് പോരാട്ടം തുടർന്ന് കണ്ണൂരും കോഴിക്കോടും. 412 പോയിൻറുമായി കണ്ണൂർ ഒന്നാം സ്ഥാനത്തും, 410 പോയിൻറുമായി കോഴിക്കോട് രണ്ടാം സ്ഥാനത്തുമാണുള്ളത്. 408 പോയിൻറുമായി തൃശൂർ മൂന്നാംസ്ഥാനത്താണ്. നിറഞ്ഞ സദസ്സിന് മുന്നിലാണ് കലാമേളയുടെ രണ്ടാം ദിനം മത്സരങ്ങൾ പുരോഗമിക്കുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....
(ഹോൾഡ്)

****************

## Enumeration form

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പേരുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിൽ പൊതു ഓഫീസുകളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന് സുപ്രീം

കോടതി. സംസ്ഥാനത്തെ എസ്ഐആർ പ്രക്രിയയുമായി ബന്ധപ്പെട്ട ഹർജികൾ
പരിഗണിക്കുകയായിരുന്നു കോടതി. പേരുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എതിർപ്പുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടുന്ന കാര്യം പരിഗണിക്കാനും കോടതി കമ്മീഷനോട് ആവശ്യപ്പെട്ടു.

****************

## Sabarimala-Spot Booking

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും 19 വരെയുണ്ടാകും. മറ്റന്നാൾ വരെയാണ് തിരുവാഭരണം ചാർത്തിയുള്ള
അയ്യപ്പദർശനം. മണ്ഡല, മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് ഈ മാസം 20 നാണ് നട അടയ്ക്കുക.

****************

## CRICKET - WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസ് യുപി വാരിയേഴ്സിനെ നേരിടുന്നു. ടോസ് നേടിയ
യുപി വാരിയേഴ്സ് ബൗളിംഗ് തെരഞ്ഞെടുത്തു. നവി മുംബൈയിൽ അൽപസമയം മുൻപാണ് മത്സരം ആരംഭിച്ചത്.

****************

## EVE INDIA OPEN BADMINTON

ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസിൽ ജപ്പാൻ താരത്തെ വീഴ്ത്തി ഇന്ത്യയുടെ ലക്ഷ്യ സെൻ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടറിൽ ലക്ഷ്യ സെൻ നാളെ ചൈനീസ് തായ്പേയ് താരം ലിൻ ചുൻ-യിയെ നേരിടും.

****************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.
സെൻസെക്സ് 245 പോയിൻറ് ഇടിഞ്ഞ് 83,382 ലും നിഫ്റ്റി 66 പോയിൻറ് താഴ്ന്ന് 25,665 ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണ വിലയിൽ നേരിയ വർദ്ധന. വ്യാപാര ആരംഭത്തിൽ നേരിയ ഇടിവ് രേഖപ്പെടുത്തിയ പവൻ വില ഉച്ചയ്ക്ക് ശേഷം 320 രൂപ കൂടി ഒരു ലക്ഷത്തി 5,320 രൂപയും
ഗ്രാമിന് 13,165 രൂപയിലുമെത്തി.

****************

## Naza Team

ആരോഗ്യപ്രശ്നം നേരിട്ട ബഹിരാകാശ സഞ്ചാരിയുമായി നാസയുടെ ക്രൂ-11 സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നും ഭൂമിയിൽ തിരിച്ചെത്തി. പത്തര മണിക്കൂർ നീണ്ട യാത്രയ്ക്ക് ശേഷം പേടകം കാലിഫോർണിയ തീരത്തോട് ചേർന്ന് കടലിൽ ഇറങ്ങി. നാലംഗ സംഘമാണ് അപൂർവ ദൗത്യത്തിന്റെ ഭാഗമായി ഭൂമിയിൽ തിരികെ എത്തിയത്.

****************

****************

**********